بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 09.02.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട് അബൂസുഫ്യാൻ ഉയർത്തിയ മുദ്രാവാക്യത്തെപ്പറ്റിയാണ് പറഞ്ഞുവന്നിരുന്നത്. അതിൽ തന്റെ വിഗ്രഹങ്ങളുടെ ശ്രേഷ്ഠതയെപ്പറ്റി അയാളുടെ വർണ്ണനയേയും അപ്പോൾ തിരുനബി(സ) അല്ലാഹുവിന്റെ മാർഗത്തിൽ പ്രകടിപ്പിച്ച (ആത്മാർത്ഥതയെപറ്റിയും) ആത്മരോഷത്തെ പറ്റിയും എന്ന് ഞാൻ പറയുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദീസിൽ വരുന്നു, ഉഹദ് യുദ്ധത്തിൽ അബൂസുഫ്യാൻ വളരെ ഉച്ചത്തിൽ പറഞ്ഞു: ഞങ്ങളുടെ സഹായത്തിന് ഞങ്ങളുടെ ഉസ്സാ ബിംബമുണ്ട്. പക്ഷെ നിങ്ങളെ സഹായിക്കാൻ ഒരു ബിംബവുമില്ല. ആ സമയത്ത് തിരുനബി(സ) മുസ്‌ലിംകളോട് പറഞ്ഞു. നിങ്ങൾ പറയുക, **ലനാ മൗലാ വലാ മൗലാ ലക്കും** ഞങ്ങൾക്ക് ഒരു രക്ഷാധികാരിയുണ്ട്. ഞങ്ങളുടെ സഹായി ഞങ്ങളുടെ ഹയ്യും ഖയ്യൂമുമായ അല്ലാഹുവാകുന്നു. നിങ്ങൾക്ക് ഒരു രക്ഷാധികാരിയും സഹായിയും ഇല്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സത്യത്തിന്റെ എത്രമാത്രം കർമ്മപരമായ തെളിവായിരുന്നുവെന്നാൽ അവർ വാളുകളുടെ നിഴലിനു കീഴിലും പറഞ്ഞിരുന്നത്, അല്ലാഹു ഞങ്ങളെ സഹായിക്കുമെന്ന് തന്നെയായിരുന്നു.

അദ്ദേഹം മറ്റൊരിടത്ത് പറയുന്നു: മുസ്‌ലിംകളുടെ കാതുകളിൽ റസൂൽ തിരുമേനി(സ) വഫാത്തായി എന്ന ശബ്ദം വന്ന് പതിച്ചപ്പോൾ അവർ വേഗം വേഗം അവിടെ നിന്ന് തിരിച്ചു. അവർ നബി(സ)ന്റെ മീതെയുള്ള മൃതദേഹങ്ങളെ മാറ്റി. തിരുനബി(സ) ജീവനോടെയിരിക്കുന്നുവെന്നും ശ്വാസമെടുക്കുന്നുവെന്നും അവർക്ക് മനസ്സിലായി. ആ സമയത്ത് ഏറ്റവുമാദ്യം നബി(സ)ന്റെ പടത്തൊപ്പിയിൽ തറച്ച ആണിയാണ് ഒരു സ്വഹാബി തന്റെ പല്ലുകൾ കൊണ്ട് എടുത്തുമാറ്റിയത്. അതുകാരണം അദ്ദേഹത്തിന്റെ രണ്ട് പല്ലുകൾ പൊട്ടിപ്പോവുകയുണ്ടായി. അങ്ങനെ നബി(സ) അവരേയും കൂട്ടി ഒരു മലയുടെ താഴ്‌വാരത്തേക്ക് പോയി.

അബൂസുഫ്യാൻ, തിരുനബി(സ)ന്റെ പേരെടുത്ത് കൊണ്ടും പിന്നീട് അബൂബക്കറിന്റേയും ഉമറിന്റേയും(റ) പേരെടുത്തുകൊണ്ടും ഉറക്കെ വിളിച്ചു പറഞ്ഞു: ഞങ്ങൾ ഇവരെ വധിച്ചിരിക്കുന്നു. ഒരു മറുപടിയും വരുന്നില്ലെന്ന് കണ്ടപ്പോൾ അബൂസുഫ്യാൻ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി; ഹുബ്ലിന്റെ പ്രതാപം വാഴട്ടെ. തിരുനബി(സ) മറുപടി പറയുന്നതിൽനിന്ന് സ്വഹാബാക്കളെ വിലക്കിയിരുന്നതുകൊണ്ട് അവർ നിശബ്ദരായി തന്നെയിരുന്നു. എന്നാൽ അല്ലാഹുവിന്റെ റസൂൽ തന്റെ മരണത്തെ പറഞ്ഞാലും ഹദ്റത്ത് അബൂബക്കറിന്റെ മരണത്തെപ്പറ്റി കേട്ടാലും ഹദ്റത്ത് ഉമറിന്റെ മരണത്തെപ്പറ്റി കേട്ടപ്പോഴും നിശബ്ദനായിരിക്കാനും മറുപടി പറയരുതെന്നുമാണ് പറഞ്ഞത്. മാത്രമല്ല ഇപ്പോൾ നമ്മുടെ സൈന്യം ചിതറിപ്പിരിഞ്ഞിരിക്കുകയാണെന്നും ശത്രു വീണ്ടും ആക്രമിക്കുമെന്ന ആശങ്കയുണ്ടെന്നും അതുകൊണ്ട് അവർ പറയുന്നത് നിശബ്ദരായി കേട്ടുകൊണ്ടിരുന്നാൽ മതിയെന്നും അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. എന്നാൽ ആ പരിശുദ്ധ മനുഷ്യന്റെ കർണ്ണപുടങ്ങളിൽ ഹുബ്ൽ ദേവതയുടെ പ്രതാപം ഉയരട്ടെ, ഹുബൽ ദേവതയുടെ പ്രതാപം വിജയിക്കട്ടെ എന്ന ശബ്ദം പതിച്ചപ്പോൾ തിരുനബി(സ)യുടെ തൗഹീദിനോടുള്ള വികാരം ആവേശഭരിതമായി. കാരണം ഇപ്പോൾ മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെയോ അബൂബക്കറിന്റെയോ ഉമറിന്റെയോ പ്രശ്നമല്ല. മറിച്ച് അല്ലാഹുവിന്റെ അന്തസ്സിന്റെ പ്രശ്നമാണ്. തിരുനബി(സ) വളരെ ആവേശഭരിനായി ചോദിച്ചു: നിങ്ങൾ എന്തുകൊണ്ട് മറുപടി നൽകുന്നില്ല.

സ്വഹാബാക്കൾ ചോദിച്ചു: യാ റസൂലുല്ലാഹ് ഞങ്ങൾ എന്ത് മറുപടിയാണ് നൽകേണ്ടത്. തിരുനബി(സ) പറഞ്ഞു: **അല്ലാഹു അഅ്‌ലാ വജൽ. അല്ലാഹു അഅ്‌ലാ വജൽ** എന്ന് പറയുവിൻ അതായത് ഹുബ്ൽ എന്താണ്, അല്ലാഹുവിന്റെ പ്രതാപമാണ് ഉന്നതം. അല്ലാഹുവിന്റെ പ്രതാപമാണ് ഉന്നതമായിട്ടുള്ളത്.

ഇത് തൗഹീദിന്റെ വികാരത്തിലുള്ള തിരുനബി(സ) യുടെ എത്ര മനോഹരമായ പ്രകടനമാണെന്ന് നോക്കുക. തിരുനബി(സ) മൂന്ന് തവണ സ്വഹാബാക്കളെ മറുപടി പറയുന്നതിൽനിന്ന് വിലക്കുകയുണ്ടായി. അതിൽനിന്ന് തിരുനബി(സ) അപകടത്തെപ്പറ്റി പൂർണമായും ബോധവാനായിരുന്നു എന്ന് വ്യക്തമാണ്. ഇസ്‌ലാമിക സൈന്യം ചിതറിപ്പിരിഞ്ഞിരിക്കുന്നുവെന്നും വളരെ കുറച്ചുപേർ മാത്രമേ കൂടെയുള്ളുവെന്നും അധികം സ്വഹാബാക്കൾ പരിക്കുപറ്റിയെന്നും ബാക്കിയുള്ളവർ ക്ഷീണിതരാണെന്നും തിരുനബി(സ)ക്ക് അറിയാമായിരുന്നു. ഇസ്‌ലാമിക സൈന്യത്തിന്റെ ഒരു ഭാഗം ഒരുമിച്ചുകൂടിയിട്ടുണ്ടെന്ന് ശത്രുക്കൾ അറിഞ്ഞാൽ വീണ്ടും അവർ ആക്രമിച്ചെങ്കിലോ എന്ന ആശങ്കയുണ്ടായിരുന്നു. പക്ഷെ ഇതൊക്കെയായിട്ടും അല്ലാഹുവിന്റെ അന്തസ്സിന്റെ പ്രശ്നമുദിച്ചപ്പോൾ തിരുനബി(സ)ക്ക് നിശബ്ദനായി സഹിക്കാൻ കഴിഞ്ഞില്ല. ശത്രുക്കൾ മനസ്സിലായാലും ഇല്ലെങ്കിലും ശരി, അവർ ആക്രമിക്കുകയും തങ്ങളെ വധിക്കുകയും ചെയ്താലും ശരി, ഇനി നമുക്ക് നിശബ്ദരായിരിക്കാൻ കഴിയില്ല. അങ്ങനെ തിരുനബി(സ) സ്വഹാബാക്കളോട് പറഞ്ഞു: നിങ്ങൾ എന്താണ് നിശബ്ദരായിരിക്കുന്നത് എന്തുകൊണ്ട് മറുപടി നൽകുന്നില്ല, **അല്ലാഹു അഅ്‌ലാ വജൽ, അല്ലാഹു അഅ്‌ലാ വജൽ.**

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: മുഹമ്മദ് റസൂലുല്ലാഹ്(സ)നെ വധിക്കാൻ ആഗ്രഹിച്ചിരുന്ന മക്കാ ദുഷ്ടന്മാരുടെ പേരുകൾ പറയാനെങ്കിലും അവരുടെ ആരെങ്കിലും ഇന്ന് ഉണ്ടോ?. എന്നാൽ നിങ്ങൾക്ക് മുഹമ്മദ് റസൂലുല്ലാഹ്(സ) യുടെ പേരിൽ കോടിക്കണക്കിന് ശബ്ദം ഉയരുന്നത് കാണാം. ലോകം മുഴുവൻ അതേ, മുഹമ്മദ് റസൂലുല്ലാഹ്(സ) ഞങ്ങളിൽ ഉണ്ടെന്നും ഞാൻ ആ മഹാത്മാവിന്റെ പ്രാധിനിത്യത്തിന്റെ ബഹുമതിയുള്ളവനാണെന്നും ശബ്ദം ഉയരുന്നതാണ്. എന്നാൽ അബൂജഹ്‌ലിനെ വിളിച്ചാൽ നിങ്ങൾക്ക് ഒരു കോണിൽ നിന്നും ശബ്ദം ഉയരുന്നത് കേൾക്കാൻ കഴിയില്ല.

ഇനി ഇതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രവാചകന്മാർക്ക്മേൽ ഉണ്ടാകുന്ന പ്രയാസങ്ങളിലും അല്ലാഹുവിന്റെ ആയിരക്കണക്കിന് രഹസ്യങ്ങളുണ്ട്. തിരുനബി(സ) യുടെ മേൽ അനേകം പ്രയാസങ്ങൾ വന്നിരുന്നു. ഉഹുദ് യുദ്ധത്തിലെ ഒരു നിവേദനത്തിൽ പറയുന്നു: തിരുനബി(സ)യ്ക്ക് വാളുകൊണ്ടുള്ള 70 മുറിവുകൾ പറ്റി. മുസ്‌ലിംകളുടെ പൊതുവായ അവസ്ഥ കണ്ടപ്പോൾ കാഫിരീങ്ങൾക്ക് വലിയ സന്തോഷമായി. ഇത്തരം കയ്പേറിയ കാര്യങ്ങൾ കാണേണ്ടതും അനിവാര്യമാകുന്നു. മക്കയിൽനിന്ന് പുറപ്പെടുമ്പോൾ നബി(സ)ന് എത്രമാത്രം പ്രയാസമുള്ള സമയമായിരുന്നു. പക്ഷെ ഇപ്പോൾ അല്ലാഹു അവസ്ഥകൾ മാറ്റിയിരിക്കുന്നു.

ഹദ്റത്ത് ഹൻസലയുടെ ശഹാദത്ത് സംഭവത്തിന്റെ വിവരണമാണ്. ഈ സ്വഹാബിയുടെ ഭാര്യ പറയുന്നു: എന്റെ ഭർത്താവ് തിരുനബി(സ) യുദ്ധത്തിന് വേണ്ടി പുറപ്പെട്ടു എന്നറിഞ്ഞ സമയത്ത് കുളി നിർബന്ധമായ ഘട്ടത്തിലായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ തിരുനബി(സ) പുറപ്പെട്ടുവെന്ന വാർത്ത കേട്ടപ്പോൾ വളരെ ധൃതിപ്പെട്ട് അസ്വസ്ഥനായി അദ്ദേഹവും പുറപ്പെട്ടു. കുളിക്കേണ്ടത് നിർബന്ധമാണെന്ന കാര്യം പോലും ഗൗനിച്ചില്ല. വാളുമെടുത്ത് യുദ്ധമൈതാനത്തേക്ക് പുറപ്പെട്ടു. ശദ്ദാദ് ബിൻ അസ്‌വദ് ഹദ്റത്ത് ഹൻസലയെ ആക്രമിച്ച് ശഹീദാക്കി. തിരുനബി(സ) ഹദ്റത്ത് ഹൻസലയുടെ വധത്തെപ്പറ്റി അറിഞ്ഞപ്പോൾ പറഞ്ഞു: ഞാൻ, മലക്കുകൾ ആകാശഭൂമികൾക്കിടയിലെ വെള്ളിപ്പാത്രങ്ങളിൽ വളരെ തെളിഞ്ഞ ശുദ്ധ ജലംകൊണ്ട് ഹൻസലയെ കുളിപ്പിക്കുന്നതായി കാണുന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, നബി(സ)യും രണാങ്കണത്തിൽ ഇറങ്ങിയിരുന്നു. ശുഹദാക്കളുടെ മൃതദേഹങ്ങളെ സംരക്ഷിക്കാൻ തുടങ്ങി. ആ സമയത്ത് മുസ്‌ലിംകൾക്ക് മുന്നിൽ ഉണ്ടായിരുന്ന കാഴ്ചകൾ രക്തത്തിന്റെ കണ്ണീർ പൊഴിക്കാൻ പര്യാപ്തമായിരുന്നു. 70 മുസ്‌ലിംകൾ രക്തവും മണ്ണും പുരണ്ട അവസ്ഥയിൽ രണാങ്കണത്തിൽ കിടന്നിരുന്നു. അത് അറബികളുടെ മൃഗീയ ആചാരമായ മൃതദേഹങ്ങളെ വികൃതമാക്കുന്ന ഭയാനകമായ ദൃശ്യമാണ് കാണിച്ചുതന്നിരുന്നത്. ഈ വധിക്കപ്പെട്ടവരിൽ കേവലം 6 മുഹാജിരീങ്ങളും മറ്റുള്ളവരെല്ലാം അൻസാറുകളുമായിരുന്നു. ഖുറൈശികളിൽ വധിക്കപ്പെട്ടവരുടെ എണ്ണം 23 ആയിരുന്നു.

തിരുനബി(സ) തന്റെ പിതൃവ്യനും മുലകുടി ബന്ധത്തിലെ സഹോദരനുമായ ഹംസ ബിൻ അബ്ദുൽ മുത്തലിബിന്റെ മൃതദേഹത്തിനടുത്ത് എത്തിയപ്പോൾ അസ്വസ്ഥനായി നിൽക്കുകയുണ്ടായി. കാരണം അബൂസുഫ്യാന്റെ ഭാര്യ ദ്രോഹിയായ ഹിന്ദ് അദ്ദേഹത്തിന്റെ മൃതദേഹത്തെ വളരെ മോശമായ രീതിയിൽ വികൃതമാക്കിയിരുന്നു. കുറച്ചുനേരം തിരുനബി(സ) നിശബ്ദനായി നിന്നു. തിരുനബി(സ)ന്റെ മുഖത്ത് ദുഖവും ദേഷ്യവും പ്രകടമായിരുന്നു. വന്യമൃഗങ്ങൾക്ക് സമാനരായ മക്കക്കാരോട് അതേ നിലയിൽ പെരുമാറിയില്ലെങ്കിൽ അവർക്ക് ബോധം വരുന്നതല്ല എന്നതിലേക്കും ഒരു നിമിഷം തിരുനബി(സ)ന്റെ പ്രകൃതത്തിലും തോന്നലുണ്ടായി. പക്ഷെ തിരുനബി(സ) ആ ചിന്ത ഒഴിവാക്കി. ക്ഷമ കൈകൊള്ളുകയും ചെയ്തു. തുടർന്ന് തിരുനബി(സ) മൃതദേഹങ്ങളെ വികൃതമാക്കുന്ന ആചാരത്തെ അവയവങ്ങൾ ഛേദിച്ചുകൊണ്ട് നടത്തുന്ന ആചാരത്തെ ഇസ്‌ലാമിൽ എന്നെന്നേക്കുമായി നിരോധിച്ചുകൊണ്ട് പറഞ്ഞു: ശത്രുക്കൾ എന്തുതന്നെ ചെയ്താലും നിങ്ങൾ അവരുടെ മൃഗീയ സ്വഭാവത്തിൽ നിന്ന് വിട്ട് നിൽക്കുകയും നന്മയുടെയും ഔദാര്യത്തിന്റെയും മാർഗം അവലംബിക്കുകയും ചെയ്യേണ്ടതാണ്.

തിരുനബി(സ)ന്റെ പതൃസഹോദരീപുത്രനായ അബ്ദുല്ലാഹ് ബിൻ ജഹ്ഹിന്റെ മൃതദേഹവും വളരെ മോശമായ രീതിയിൽ വികൃതമാക്കിയിരുന്നു. തിരുനബി(സ) ഓരോ മൃതദേഹത്തിന്റെ അടുക്കൽ എത്തുമ്പോഴും തിരുനബിയുടെ മുഖത്ത് ദുഖവും സങ്കടവും കൂടുതലായിക്കൊണ്ടിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ ശുഹദാക്കളുടെ ത്യാഗത്തേയും സഅദ് ബിൻ റബീഅ് അൻസ്വാരിക്ക് നബി(സ)നോട് ഉണ്ടായിരുന്ന സ്നേഹാതിരേകത്തേയും വിവരിച്ചുകൊണ്ട് പറയുന്നു: നോക്കുക, മരിക്കാൻ പോവുകയാണെന്ന് അറിയുമ്പോൾ എന്തെല്ലാം ചിന്തകളാണ് ഒരാളുടെ മനസിൽ വരിക. എന്റെ ഭാര്യക്ക് എന്താകുമെന്നും തന്റെ മക്കളെ ആര് സംരക്ഷിക്കുമെന്നുമൊക്കെയാണ് ചിന്തിക്കുക. എന്നാൽ ആ സ്വഹാബി അത്തരത്തിലുള്ള ഒരു സന്ദേശവും നൽകിയില്ല. ഇത്രമാത്രമാണ് അദ്ദേഹം പറഞ്ഞത്, ഞാൻ തിരുനബി(സ)നെ സംരക്ഷിച്ചുകൊണ്ട് ഈ ലോകത്ത് നിന്ന് പോകുകയാണ്. നിങ്ങളും ഇതേ മാർഗത്തിൽ ഞങ്ങളുടെ പിന്നിൽ വരണം. അവരുടെ ഉള്ളിലുണ്ടായിരുന്ന ഈ വിശ്വാസദാർഢ്യംകൊണ്ട് തന്നെയാണ് അവർ ലോകത്തെ അടിമേൽ മറിച്ചത്. കൈസറിന്റെയും കിസ്റയുടേയും സിംഹാസനങ്ങൾ മറിച്ചിട്ടതും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: മരണസമയത്ത് അൽപം സമയം കിട്ടിയാൽ ഒരാൾ ഭാര്യാമക്കളോടും സഹോദരീ സഹോദരന്മാരോടും എന്തെങ്കിലും പറയാനും എന്തെങ്കിലും ഒസ്യത്ത് ചെയ്യാനും ആഗ്രഹിക്കുന്നതാണ്. എന്നാൽ ആ സ്വഹാബി തരിശായ ഭൂമിയിലാണ് കിടന്നിരുന്നത്. ആ അവസ്ഥയിലും നൽകിയ സന്ദേശം, മുഹമ്മദ് റസൂലുല്ലാഹ്(സ) നിങ്ങളുടെ പക്കൽ അല്ലാഹുവിന്റെ അമൂല്യ നിധിയാകുന്നു. ഞാൻ എനിക്ക് ജീവൻ ഉള്ള സമയമത്രയും അതിനെ സംരക്ഷിച്ചുപോന്നു. ഇപ്പോൾ എന്റെ പ്രിയ സഹോദരമാരോടും മക്കളോടും എന്റെ അവസാന നേരത്തുള്ള എന്റെ ഒസ്യത്ത് എന്തെന്നാൽ അവരും തങ്ങളുടെ ജീവൻകൊണ്ട് ഈ അമാനത്തിനെ സംരക്ഷിക്കേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

ഇത്തരത്തിൽ തിരുനബി(സ)നോടുള്ള അനുരക്തി മനുഷ്യനെ ആശ്ചര്യപ്പെടുത്തുന്നു. അല്ലാഹു നമുക്കുള്ളിലും തിരുനബി(സ)നോടുള്ള അനുരക്തിയുടെ ആത്മാവ് ഉണ്ടാക്കുമാറാകട്ടെ. ഈ ചിന്ത ഉണ്ടായാൽ അല്ലാഹുവുമായുള്ള ബന്ധവും പുരോഗതി പ്രാപിക്കുന്നതാണ്. തങ്ങളുടെ ബലഹീനതകളെ അകറ്റാൻ യഥാർത്ഥത്തിൽ പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ നമുക്ക് ശരിയായ ഇസ്‌ലാമിക വർണം നമ്മുടെ ആരാധനകളിലും സ്വഭാവങ്ങളിലും ശീലങ്ങളിലും ഉണ്ടാക്കാൻ കഴിയുന്നതാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ചില മർഹൂമീങ്ങളെ അനുസ്മരിക്കുകയുണ്ടായി

ഇതിൽ ആദ്യത്തേത് യെമനിലെ ഡോ. മൻസൂർ ശബൂതി സാഹിബ് ആണ്. അദ്ദേഹത്തിന്റെ വഫാത്തിനെ ശഹാദത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് പറഞ്ഞു: അഹ്മദിയത്ത് കാരണമായാണ് അദ്ദേഹം തടവിലാക്കപ്പെട്ടിരുന്നത്. തടവിൽ കഴിയുന്ന അവസ്ഥയിൽ തന്നെ അദ്ദേഹം വഫാത്തായി; അതിനാൽ അദ്ദേഹത്തെ ശഹീദ് എന്ന് തന്നെ വിളിക്കപ്പെടുന്നതാണ്. ഈ അർത്ഥത്തിൽ, അദ്ദേഹം യെമനിലെ ആദ്യത്തെ അഹ്മദി ശഹീദാണ്. വഫാത്തായ ഇദ്ദേഹം യെമനിലെ പ്രശസ്തനായ ഡോക്ടറാണ്.

അതിനുശേഷം ജമാഅത്ത് അഹ്മദിയ്യാ കബാബീർ അമീർ ആയ മുഹമ്മദ് ശരീഫ് ഔദാ സാഹിബിന്റെ പിതാവ് സലാഹുദ്ദീൻ മുഹമ്മദ് സ്വാലിഹ് അബ്ദുൽ ഖാദർ ഔദാ സാഹിബിനെ അനുസ്മരിച്ചുകൊണ്ട് പറഞ്ഞു: അദ്ദേഹം ഖിലാഫത്തിന്റെ സ്നേഹിതനും ജമാഅത്ത് നിസാമിനെ വളരെയധികം ബഹുമാനിച്ചിരുന്നയാളും ആയിരുന്നു.

മൂന്നാമത്തെ അനുസ്മരണം റബ്‌വയിലെ കറാമത്തുല്ലാഹ് ഖാദിം സാഹിബിന്റെ ഭാര്യ റൈഹാന ഫർഹത്ത് സാഹിബയുടെതായിരുന്നു.

ഹുസൂർ തിരുമനസ്സ് ജുമുഅ നമസ്കാരത്തിന് ശേഷം മർഹൂമീങ്ങളുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തി.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 09.02.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516